ലക്കം 14

# ഗോസ്പൽ ട്രൂത്ത്

**അഖിലലോക സുവിശേഷ പ്രവർത്തനത്തെ പ്രോത്സാഹിപ്പിക്കുവാനുതകുന്ന വേദപുസ്തക സത്യങ്ങൾ**

**For Private Circulation only**

## യോഹന്നാൻ സ്നാപകന്റെ ധൈര്യം

(മർക്കോസ് സുവിശേഷത്തിൽ നിന്നും എടുത്തിട്ടുള്ള ഉദാഹരണ വിവരണം - 6: 17-28)

ഹേരോദാവ് അന്തിപ്പാസ് രാജാവിന്റെ അതിമനോഹരവും വിശാലവുമായ രാജ്യഹോൾ ! ആനന്ദിക്കുവാനും ആഹ്ലാദിച്ചു മതിമറക്കുവാനുമായി ഉദ്യോഗസ്ഥരും, പ്രഭുക്കന്മാരും, സൈനിക മേധാവികളും ഒരുമിച്ച് കൂടിയിരിക്കുകയാണ്. ഹേരോദാവ് രാജാവിന്റെ ജന്മദിനാഘോഷ പരിപാടികളുടെ ഭാഗമായാണ് ഒരു വലിയ വിരുന്ന് സംഘടിപ്പിച്ചിട്ടുള്ളത്. വിരുന്നിലുടന്നീളം മദ്യം അവിടെയെങ്ങും പരന്നൊഴുകുകയായിരുന്നു. രാജാവിന്റെ സഹോദരന്റെ ഭാര്യയുടെ മകളായിരുന്ന ശലോമി രാജാവിന്റെ മുമ്പിൽ വന്ന് നൃത്തം ചെയ്ത് അവിടെ കൂടിയിരുന്ന മുഴുവൻ ആളുകളേയും രസിപ്പിച്ചു.

വിരുന്നിന്റെ മൂർദ്ധന്യാവസ്ഥയിൽ രാജാവ് നൃത്തം ചെയ്തവളെ രാജസദസ്സിൽ വിളിച്ചു വരുത്തി " നീ എന്തു ചോദിച്ചാലും, രാജ്യത്തിന്റെ പകുതിയായിരുന്നാലും നിനക്ക് നൽകാം എന്ന് വാഗ്ദാനം ചെയ്തു"



*"നിന്റെ സഹോദരന്റെ ഭാര്യയെ വച്ചുകൊണ്ടിരിക്കുന്നത് നിനക്ക് വിഹിതമല്ല"*

എന്തു ചോദിക്കണമെന്നറിയാതെ കുഴങ്ങിയ അവൾ തന്റെ അമ്മയുടെ ഉപദേശം തേടി. ഹരോദ് ഫിലിപ്പ് എന്നു പേരുള്ള ആദ്യ ഭർത്താവിനെ ഉപേക്ഷിച്ചവൾ ഹേരോദാവ് അന്തിപ്പാസ് എന്നു പേരുള്ള അവന്റെ സഹോദരനെ സ്നേഹിച്ച് അവന്റെ കൂടെ ജീവിച്ചു പോരുകയായിരുന്നു ആ മാതാവ്. ഇത്തരത്തിലുള്ള അവിഹിതബന്ധത്തെ ചോദ്യം ചെയ്തു പ്രസംഗിച്ച യോഹന്നാൻ സ്നാപകനെ വകവരുത്തുവാൻ അവസരം കാത്തിരിക്കുകയായിരുന്നു അവൾ. അപ്രകാരം ഹേരോദ്യയോട് യോഹന്നാൻ സ്നാപകന്റെ തല ഒരു താലത്തിൽ തരുവാൻ ആവശ്യപ്പെടുവാൻ തന്റെ മകളെ അവൾ നിർബന്ധിച്ചു.

യുവതിയുടെ ആവശ്യം കേട്ട് രാജാവ് കലങ്ങിപ്പോയെങ്കിലും ചെയ്ത വാഗ്ദത്തത്തെക്കുറിച്ച് ചിന്തിച്ച് അനുവദിക്കേണ്ടിവന്നു. ഉടൻ തന്നെ യോഹന്നാൻ സ്നാപകന്റെ ശിരസ്സ് ഛേദിച്ച് ഹേരോദ്യക്ക് സമ്മാനിച്ചു.

പരിണിതഫലങ്ങളെ വകവയ്ക്കാതെ സത്യം മുഴുവനും വെട്ടിത്തുറന്നു പറഞ്ഞ യോഹന്നാൻ


പത്രാധിപലേഖനം
പേജ് 3
ബൈബിൾ പഠനം:
പേജ് 4

വിവാഹ മോചനവും
പുനർവിവാഹവും
പേജ് 5 - 8

ബഹുഭാര്യാത്വം വിലക്കപ്പെട്ടത്
കുട്ടികളെ കുറിച്ചുള്ള
നിലപാട്?
പേജ് 9

ചോദ്യവും
ഉത്തരവും.
പേജ് 10 - 11

നിങ്ങൾക്കറിയാമോ?
തക്കസമയത്തെ വാക്ക്
പേജ് 12

# ബൈബിൾ
## എന്തു പഠിപ്പിക്കുന്നു.

**ദൈവവചനം**
2 തിമൊ. 3: 16-17, 2 പത്രൊ. 1: 20, 21,
മത്തായി 24: 35

**സ്നേഹബന്ധം**
മത്തായി 22: 37-40, യോഹ. 14: 21-23,
1 യോഹ. 4: 7-11

**മാനസാന്തരം**
അപ്പൊ. 3: 19, 17: 30, 2 കൊരി. 7:10

**പുതുജനനം**
യോഹ. 3: 3-7, 2 കൊരി. 5: 17,
റോമർ 6 : 1-4, എഫെ. 2: 1, 5-6).

**പാപത്തിൽ നിന്നും സ്വാതന്ത്ര്യം**
1 യോഹ. 5: 18, മത്തായി 1: 21,
യോഹ. 8: 11

**പരിശുദ്ധാത്മ നിറവ്**
അപ്പൊ. 19: 2, 15: 8-9, 1: 8).

**വിശുദ്ധി**
ലൂക്കോ. 1:73-75, എബ്രാ. 12:14,
1 പത്രൊ. 1: 15-16, തീത്തോ. 2: 11, 12, റോമ. 6: 22

**ദൈവരാജ്യം**
ലൂക്കോ. 17 : 20-21, റോമ. 14: 17, യോഹ. 18: 36

**സഭ**
അപ്പൊ. 2: 4-7, എഫെ. 4: 4-6,
1 കൊരി. 12: 12,13, കൊലൊ. 1: 18

**ഐക്യത**
യോഹ. 17: 20-23, ഗലാ. 3: 28,
വെളി. 18: 2-4

**ചട്ടങ്ങൾ**
മത്താ. 28: 19-20, 26: 26-30, 1 കൊരി. 11: 23-27,
യോഹ. 13: 14-17

**ദൈവീക രോഗശാന്തി**
ലൂക്കോ. 4: 18, യെശയ്യ. 53: 4-5,
യാക്കോബ് 5: 13-16

**വിവാഹശുശ്രൂഷ**
മത്താ. 19: 5-6, ലൂക്കോ. 16: 18,
റോമർ 7: 2-3, 1 കൊരി. 7: 10-11

**ബാഹ്യപ്രകടനം**
1 തിമൊ. 2: 9-10, 1 കൊരി. 11: 14-15,
ആവർത്തനം 22: 5

**അന്ത്യകാലം**
2 പത്രൊ. 3: 7-12, യോഹ. 5: 28-29,
2 കൊരി. 5: 10, മത്താ. 25: 31-46

**സാമാധാനവാദം:**
ലൂക്കോസ് 6: 27-29, ലൂക്കോസ് 18: 20

**ആരാധന**
യോഹ. 4: 23-24, എഫെ. 5: 19, 2 കൊരി. 3: 17

**അന്ത്യകല്പന**
മർക്കൊസ് 16: 15

സ്നാപകന്, തന്റെ ജീവൻ തന്നെ ബലിയർപ്പിക്കേണ്ടി വന്നു. മറ്റ് ആത്മീയ നേതാക്കൾ, ഭരണകർത്താക്കളുടെ ഇത്തരം കൊള്ളരുതായ്മകൾ കണ്ട് സൂക്ഷമതയോടെ മൗനം ദീക്ഷിച്ചപ്പോൾ ഒരു ഒത്തുതീർപ്പുമില്ലാതെ യോഹന്നാൻ ദൈവത്തെ അനുസരിച്ചു. ധൈര്യത്തോടെ പ്രസംഗിച്ചു.

യഹൂദാ ചരിത്രകാരനായ ജോസിഫസ് ഇപ്രകാരമാണ് പറഞ്ഞിട്ടുള്ളത് : രാജ്യത്തിന്റെനിയമത്തെ പോലും കാറ്റിൽ പറത്തികൊണ്ട്, ഭർത്താവ് ജീവനോടിരിക്കുമ്പോൾ തന്നെ വിവാഹമോചനം നടത്തിയവളെ സ്വന്തംഭാര്യയായി എടുത്തു ഹെരോദാവ് അന്തിപ്പാസ്. (ആന്റിക്യൂറ്റ്സ് 18.136:5)

ഹെരോദാവും ഹെരോദ്യയും യഹൂദന്മാരുടെ അഥവാ മോശയുടെ ന്യായപ്രമാണത്തെ ലംഘിച്ചു. ഒരു ദൈവപുരുഷന് ഇത്തരം പാപങ്ങളെ കണ്ടില്ലെന്ന് നടിക്കുക എളുപ്പമായിരുന്നു എന്നാൽ ദൈവം സ്നാപകയോഹന്നാനെ ദൈവത്തിന്റെ വഴിയൊരുക്കുവാനായി നിയോഗിച്ചാക്കിയിരുന്നു.

ഇന്നത്തെ സമൂഹം മുഴുവനും ആത്മീയഅന്ധകാരത്താലും അകൃത്യത്താലും നിറയപ്പെട്ടതാണ്. കൃപായുഗത്തിൽ ക്രിസ്തുവിന്റെ പരിശുദ്ധിയിലും വിവാഹത്തിന്റെ മഹത്വത്തിലും ഒരു പുരുഷന് ഒരു സ്ത്രീ എന്ന അനുവാദത്തിൽ ക്രമീകരിക്കപ്പെട്ടിരിക്കുകയാണ്. ദൈവത്താലുള്ള വിവാഹം അനുഗ്രഹീതമായ ദൈവീകമായ ഒരു സ്ഥാപനം തന്നെയാണ്. എന്നാൽ ക്രമേണ ക്രമേണ പ്രസ്തുത കാഴ്ചപ്പാടിൽ നിന്നും രാഷ്ട്രീയമായും സാമൂഹ്യമായും ദൈവീകസാന്നിദ്ധ്യം നഷ്ടപ്പെടുത്തി. “വിവാഹമോചനവും പുനർവിവാഹവും” പുതിയ നിയമത്തിന്റെ ദൈവീക പ്രമാണങ്ങൾക്ക് ഘടകവിരുദ്ധവുമാണ്.

ക്രിസ്തീയ ഗോളത്തിലിന്ന് പൊതുവെ വിവാഹത്താൽ വ്യഭിചാരമാണ് നടക്കുന്നത്. പല സഭകൾ പലവിധമായ ഒഴിവുകഴിവുകളും ന്യായീകരണവുമാണ് പറയുന്നത്. പ്രസ്തുത വിഷയത്തെക്കുറിച്ചുള്ള സത്യം ഒരു പക്ഷേ മാനസാന്തരപ്പെടാത്തവനെ മുറിപ്പെടുത്തിയെന്നു വരാം. എന്നാലത് ബന്ധനത്തിൽ നിന്നും വിടുതൽ നൽകുന്നതും മുന്നറിയിപ്പ് നൽകുന്നതും വിശ്വാസിക്ക് സുരക്ഷിതമായ മാർഗ്ഗരേഖയുമാണ്. വിയോജിപ്പുകൾ മുറിപ്പെടുത്തുമോ എന്ന ഭയമാണ് പലർക്കും പലവിധ ഒത്തുതീർപ്പുകൾക്കും പ്രേരകമാകുന്നത്.

ഇന്നത്തെ യോഹന്നാൻ സ്നാപകന്മാർ എവിടെ?

MWS

ആത്മീയ അഭിവൃദ്ധിയും ദൈവമക്കളുടെ ആത്മീയ വളർച്ചയും ലക്ഷ്യമാക്കികൊണ്ട്, ദൈവസഭയുടെ ഉപദേശ സത്യങ്ങൾ ത്രൈമാസങ്ങളിൽ പുറത്തിറക്കുന്ന ഒരു പ്രസിദ്ധീകരണമാണ് ഗോസ്പൽ ട്രൂത്ത്. www. thegospeltruth.org എന്ന വെബ്സൈറ്റ് മുഖേനയും ഇ- മെയിൽ വഴിയായും ആനുകാലിക ആത്മീയ സന്ദേശങ്ങൾ ലഭ്യമാണ്. ഗോസ്പൽട്രൂത്ത് മിക്കരാജ്യങ്ങളിലും പ്രദേശിക ഭാഷകളിൽ ഇന്ന് ലഭിക്കുന്നുണ്ട്. അനേകരുടെ സ്വമേധാദാനങ്ങൾ മുഖാന്തരമാണിത് സാധിക്കുന്നത്. മുഖപേജിലുള്ള ചിത്രങ്ങൾ അനുവാദപ്രകാരം കൊടുത്തിട്ടുള്ളതുമാകുന്നു.

എന്ന് എഡിറ്റർ,
മൈക്കിൾ ഡബ്ല്യൂ. സ്മിത്ത്



# പത്രാധിപലേഖനം

"ഞാൻ ഉപേക്ഷണം വെറുക്കുന്നു എന്ന് യിസ്രായേലിന്റെ ദൈവമായ യഹോവ അരുളിചെയ്യുന്നു....... മലാഖി. 2:16.

യിസ്രായേൽ ജനം തങ്ങളെ പോറ്റിപുലർത്തുകയും പരിപാലിക്കുകയും ചെയ്ത ദൈവം ആത്മീയ വ്യഭിചാരത്താൽ അന്യദൈവങ്ങളിലേക്ക് തിരിഞ്ഞതിനാൽ ദൈവം തന്റെ ജനത്തെ ഓർത്തു ദു:ഖിച്ചു. തന്നോടൊപ്പം ഐക്യതയിലും സ്നേഹത്തിലും കഴിയുവാൻ സൃഷ്ടിക്കപ്പെട്ട മനുഷ്യവർഗ്ഗം തങ്ങളുടെ പാപത്താൽ ദൈവത്തോടുള്ള ബന്ധം തകർത്ത് ദുഃഖത്തിനും തീരാവേദനയ്ക്കും കാരണമായിത്തീർന്നു. " ഉപേക്ഷണവും" വിവാഹമോചനവും അതിന്റെ പരിണിത ഫലങ്ങളും അവൻ അറിയുന്നു.

വിവാഹമോചനത്തെക്കുറിച്ചും പുനർവിവാഹത്തെക്കുറിച്ചും പ്രതിപാദിക്കുവാനാണ് ഇത്തവണ ദൈവം എനിക്ക് പ്രേരണ നൽകിയിട്ടുള്ളത്. ഇല്ലായിരുന്നെങ്കിൽ " വിവാഹമോചനവും, പുനർവിവാഹവും" എന്നത് ഒറ്റപ്പെട്ട വിഷയമാകുമായിരുന്നു. മറ്റു വിഷയങ്ങളെപ്പോലെ വളരെ വിശാലമായി വിശദീകരിക്കേണ്ടതാണിത് എന്നാൽ വിസ്താര ഭയം മൂലം ഞാനതിന് മുതിരുന്നില്ല. ഇന്നത്തെ ലോകത്ത് ഇത്തരം വിഷയങ്ങൾ വളരെ പ്രാധാന്യതയുള്ളതാകകൊണ്ട്, വായനക്കാർക്ക് പ്രസ്തുത വിഷയങ്ങളെ സംബന്ധിച്ച് ശരിയായ ഒരു ധാരണ ഉണ്ടാകുവാനും അവർ അനുഗ്രഹിക്കപ്പെട്ടവരാകണമെന്നുമാണെന്റെ ആഗ്രഹം.

വിവാഹമോചനവും പുനർ വിവാഹവും ലോകജനങ്ങളുടെ ഇടയിൽ മാത്രമല്ല പ്രത്യുത ദൈവമക്കൾ എന്നഭിമാനിക്കുന്നവരുടെ ഇടയിലും സ്ഥിതി മോശമായി കൊണ്ടിരിക്കുകയാണ്. വിവാഹമോചനവും പുനർവിവാഹവുമൊക്കെ ദൈവീകപ്രമാണങ്ങൾക്ക് വിരുദ്ധമാണെന്നു യേശു വളരെ വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്.

വിവാഹമോചനവും പുനർവിവാഹവും പല കുടുംബങ്ങളെ തകർത്തുകളയുന്നു. മാതാപിതാക്കളുടെ പാപത്തിനും സ്വാർത്ഥതയ്ക്കും കുട്ടികളെയാണ് പലപ്പോഴും ബാധിക്കപ്പെടുന്നത്. കുഞ്ഞുങ്ങൾ അവരുടെ മാതാപിതാക്കളുമായി ഒന്നിച്ച് ജീവിക്കണമെന്നാണ് ദൈവം ആഗ്രഹിക്കുന്നത്. ഈ ലോകമനുഷ്യർ പ്രശ്നത്തിൽ നിന്നും രക്ഷനേടാൻ എളുപ്പവഴി തേടുന്നവരാണ്. യോഗ്യമായതെന്തെങ്കിലും നേടണമെങ്കിൽ അതിന്റെതായ പ്രയത്നവും അദ്ധ്വാനവും അതിന്റെ പിറകിൽ അനിവാര്യമാണ്. ദൈവീകവും മാതൃകാപരവുമായ കുടുംബജീവിതത്തിന് പകരംവയ്ക്കുവാൻ മറ്റൊന്നില്ല. എന്നാലതിന് ത്യാഗം ആവശ്യമാണ്. പ്രശ്നസങ്കീർണ്ണമായ കുടുംബത്തിന് പുനർവിവാഹമല്ല പരിഹാരമാർഗ്ഗം. പ്രശ്നം ദൈവവുമായി ചർച്ചചെയ്യുവാനും കൃപമേൽ കൃപ പ്രാപിക്കുവാനും ദൈവസ്നേഹവും ക്ഷമയും പ്രാപിക്കുവാനുള്ള സമയമാണിത്.

വിവാഹമോചനത്താലും പുനർവിവാഹത്താലും നമ്മുടെയെല്ലാം ജീവിതത്തിൽ സ്പർശനം ഉളവാക്കിയെന്നു വരാം. എന്നാൽ ദൈവാലോചനയ്ക്ക് കീഴ്പ്പെടാതെയുള്ള മനോഭാവത്തെ നിയന്ത്രിച്ചു നിർത്തി നാം വിജയം പ്രാപിക്കണം. മുമ്പ് ഞാൻ സൂചിപ്പിച്ചതുപോലെ നിശബ്ദമായി നിസ്സഹായത പ്രകടിപ്പിക്കുന്നത് ലോകത്തോട് ഒത്തുതീർപ്പ് നടത്തുന്നതിന് തുല്ല്യമാണ്.

എല്ലാ മാതാപിതാക്കളോടും, സണ്ടേസ്കൂൾ അധ്യാപകരോടും, ഈ സത്യം യുവാക്കളോടും മറ്റും ഉപദേശിക്കുന്ന ശുശ്രൂഷകരോടും എനിക്കിതാണ് പറയാനുള്ളത്. വിവാഹം എന്നത് നമ്മുടെ ഓരോരുത്തരുടേയും ജീവിതമാണ്. പിശാച് തോന്നിപ്പിക്കും പോലെ വേഗത്തിൽ എളുപ്പമായി തകർത്തെറിയുവാൻ തക്കഒന്നല്ലത്. വിവാഹത്തെക്കുറിച്ച് ദൈവത്തിന് വ്യക്തമായ ഒരു കാഴ്ചപ്പാടുണ്ട്. അത് ദൈവീകരീതിയിൽ തന്നെ നടത്തുക!

എന്ന് കർത്തൃശുശ്രൂഷയിൽ

**മൈക്കിൾ ഡബ്ല്യു സ്മിത്ത്**

ഇന്റർനെറ്റിൽ
കൂടുതൽ
വായിക്കാം.

www.thegospeltruth.org



**സന്തുഷ്ട വിവാഹത്തിലേക്കുള്ള താക്കോലുകൾ**

*സ്നേഹം*

*ശ്രദ്ധ*

*ദാനം*

*ബഹുമാനം*

*ക്ഷമ*

*അംഗീകാരം*

*ബലിയർപ്പണം*

*പ്രാർത്ഥന*

*പ്രോത്സാഹനം*

*ആശ്രയം*

*മര്യാദ*

*പിന്തുണ*

# ബൈബിൾ പഠന സഹായി

## വിഷയം : വിവാഹമോചനവും, പുനർവിവാഹവും

**വായനഭാഗം** : ഭാര്യയെ ഉപേക്ഷിച്ച് മറ്റൊരു വിവാഹം കഴിക്കുന്നവനെല്ലാം വ്യഭിചാരം ചെയ്യുന്നു. ഭർത്താവ് ഉപേക്ഷിച്ചവളെ വിവാഹം കഴിക്കുന്നവനും വ്യഭിചാരം ചെയ്യുന്നു.(ലൂക്കോസ്16 : 18)

**രത്നച്ചുരുക്കം** : ആദിയിൽ വിവാഹമെന്നത് ജീവിതാന്ത ഐക്യബന്ധമാണ്. ഒരു പുരുഷനേയും സ്ത്രീയെയും സംബന്ധിച്ചിടത്തോളം പ്രസ്തുത ഐക്യബന്ധം കളങ്കിതമായിപ്പോയി, ക്രമേണ ബഹുഭാര്യത്വത്തിനും വിവാഹമോചനത്തിനും പുനർവിവാഹത്തിനുമൊക്കെ അത് വഴിതെളിച്ചു. വിവാഹത്തിന്റെ പരിശുദ്ധിയെ യേശു കർത്താവ് മടക്കികൊണ്ട് വരികയാണ് ചെയ്തത്. ജീവിത പങ്കാളി ജീവിച്ചിരിക്കുമ്പോൾ തന്നെ മറ്റൊരു വിവാഹം ചെയ്താൽ വ്യഭിചാരമാണ് നടക്കുക.

I **ആദിയിൽ**

A. ഉല്പ. 2: 18 ആദാമിനുവേണ്ടി ദൈവം ഒരു സഹായപങ്കാളിയെ നൽകുന്നു.

B ഉല്പ 2: 23-25. ഒരു പുരുഷനും സ്ത്രീക്കും തമ്മിലുള്ള ഐക്യതാബന്ധം.

II **സ്വവർഗ്ഗരതി വിലക്കപ്പെട്ടത്.**

A. ലേവ്യ. 20: 13. ദുർന്നടപ്പ്.

B. റോമർ.1 :26-32. നികൃഷ്ട ബുദ്ധി

C. 1 കൊരി. 6: 9 ദൈവരാജ്യം അവകാശമാക്കയില്ല.

III **മോശെയുടെ ന്യായപ്രമാണം.**

A. പുറപ്പാട് 20: 14 ദൈവം വ്യഭിചാരത്തെ വിലക്കിയിരിക്കുന്നു.

B. ആവർത്തനം 22: 22-29. വ്യഭിചാരത്തിന്റെ ശിക്ഷ മരണമത്രെ.

C. ആവർത്തനം 24: 1-4 മോശെ വിവാഹമോചനം അനുവദിച്ചിരുന്നു.

D. മർക്കോസ് 10: 2-5 ഹൃദയകാഠിന്യം നിമിത്തം.

IV **ക്രിസ്തുവിന്റെ പ്രമാണം**

A. മർക്കോസ് 10: 2 - 12

1. 6-7 പുരുഷനും സ്ത്രീയുമായുള്ള വിവാഹബന്ധം, ആദിയിൽ വിവാഹമോചനം വിലക്കപ്പെട്ടിരുന്നു.
2. 8-9 വിവാഹബന്ധത്തിലെ ഐക്യതാബന്ധം മുറിപ്പെടാൻ പാടില്ല.
3. 10-12 വിവാഹമോചനവും പുനർവിവാഹവും വ്യഭിചാരമാകുന്നു.

B. ലൂക്കോസ്. 16: 18 ഉപേക്ഷിക്കപ്പെട്ട വ്യക്തികളെ വിവാഹം ചെയ്താൽ അത് വ്യഭിചാരമാകും.

C. മത്തായി. 5: 31- 32 ദുർന്നടപ്പിന് കാരണമാകുന്നു.

V **പുനർവിവാഹത്തിനുള്ള വ്യവസ്ഥകൾ.**

A. റോമർ.7:1-3 വിവാഹബന്ധത്തിലെ ഉടമ്പടികൾ മരണപര്യന്തമുള്ളത്. പുനർ വിവാഹമെന്നത് വിധവയ്ക്കും വിഭാര്യനും ഒഴികെ വ്യഭിചാരമാണ്.

B. 1 കൊരി. 7: 10 - 11 വേർപെട്ടവനും അവിവാഹിതനുമായി തുടരട്ടെ

C. 1 കൊരി 7: 39 മരണം മോചിപ്പിക്കുന്നു. ക്രിസ്തുവിൽ വിവാഹിതരാകുന്നു.

VI **വ്യഭിചാരത്തിന് എതിരായി ന്യായവിധി**

A. എബ്രായർ. 13:4 ദൈവം ന്യായം വിധിക്കും.

B. ഗലാത്യർ. 5:19- 21 ജഡത്തിന്റെ പ്രവർത്തികൾ

C. 1 കൊരി. 6: 9 ദൈവരാജ്യം അവകാശമാക്കയില്ല.

D. വെളിപ്പാട്. 21 :8 തീ പൊയ്കയിൽ പങ്കാളികളായിത്തീരും.

E. യോഹന്നാൻ. 8:3-11 പൊയ്ക്കൊൾക. ഇനിമേൽ പാപം ചെയ്യരുത്.

**ഉപസംഹാരം**

വിവാഹം എല്ലാവർക്കും മാന്യവും കിടക്കനിർമ്മലവും ആയിരിക്കട്ടെ. എന്നാൽ ദുർന്നടപ്പുകാരെയും വ്യഭിചാരികളെയും ദൈവം ന്യായം വിധിക്കും.

- എബ്രായർ.13:4

# വിവാഹ മോചനവും, പുനർ വിവാഹവും

**കാലത്തിന്റെ ആരംഭത്തിങ്കൽ, ദൈവം മനുഷ്യനെ സൃഷ്ടിച്ചു. മനുഷ്യൻ ഏകനായിരിക്കുന്നത് നന്നല്ല എന്നു കണ്ട ദൈവം അവന് തക്കതായൊരു തുണ ഉണ്ടാക്കിക്കൊടുത്തു (ഉല്പത്തി 2:18). അങ്ങനെ വിവാഹം എന്ന ചിരന്തന സ്ഥാപനം ഉണ്ടായി. അത് ദൈവം ഉണ്ടാക്കി സ്ഥാപിച്ചതാണ്. അതുകൊണ്ട് പുരുഷൻ അപ്പനേയും അമ്മയേയും വിട്ടുപിരിഞ്ഞ് ഭാര്യയോട് പറ്റിച്ചേരും. അവർ ഏകദേഹമായി തീരും. (ഉല്പത്തി 2:24).**

ദൈവം കഴിഞ്ഞാൽ പിന്നെ മനുഷ്യന്റെ ഏറ്റവും അടുത്ത ബന്ധം വിവാഹമാണ്. സൃഷ്ടാവ് വിവാഹബന്ധം സ്ഥാപിച്ചത് സ്ത്രീയും പുരുഷനും തമ്മിലുള്ള ഉത്തരവാദിത്വം ആജീവനാന്തം നിലനില്ക്കണം എന്ന ഉദ്ദേശത്തോടുകൂടെ ആയിരുന്നു. വിവാഹ ഉടമ്പടിയിൽ ഉൾക്കൊള്ളുന്ന ഒരു പ്രത്യേകമായ ദാനമാണ് ശാരീരികമായ യോജിപ്പ്. പിശാച്, വിവാഹബന്ധത്തിലെ പവിത്രത നഷ്ടപ്പെടുത്തി കുടുംബം തകർത്തുകളയുവാൻ പൊരുതുന്നു. ലോകം അശുദ്ധിയാൽ നിറഞ്ഞ് അനുരഞ്ജനങ്ങളാൽ വിവാഹത്തെ പുനരാഖ്യാനം ചെയ്തു. ഇത് ഒരു പ്രകാരത്തിലും ആ വിഷയത്തിലുള്ള ദൈവീക സത്യത്തെ മാറ്റുന്നില്ല.

### വിവാഹം - ഒരു പുരുഷൻ, ഒരു സ്ത്രീ

ദൈവത്താലുള്ള വിവാഹം ഒരു പുരുഷനും ഒരു സ്ത്രീയും തമ്മിൽ ആകുന്നു. സ്വവർഗ്ഗ വിവാഹം വിവാഹത്തെ വൈകൃതമാക്കുന്നതും ദൈവത്തിന് അറപ്പുമാണ്. സ്വവർഗ്ഗരതി ദൈവം നിരോധിച്ചിട്ടുള്ളതും (ലേവ്യർ 20:13; റോമർ 1: 26 -32) അത് ആചരിക്കുന്നവർ ദൈവരാജ്യം അവകാശം ആക്കുകയും ഇല്ല (1 കൊര്യന്ത്യർ 6:9)


### മോശെയുടെ നിയമം

മോശെയുടെ നിയമപ്രകാരം പുതിയതായി വിവാഹം കഴിഞ്ഞവളുടെ കന്യാകാലക്ഷണം നഷ്ടപ്പെട്ടതായി ഭർത്താവിന് ബോധ്യം വന്നാൽ അവളെ കല്ലെറിയണം. എന്നാൽ ഭർത്താവ് പറഞ്ഞത് യുവതിക്ക് അപവാദവും നാണക്കേടും വരുത്തുന്നതുമായാൽ അവൻ അവളെ ഭാര്യയായി സ്വീകരിക്കുകയും "ആയുഷ്ക്കാലമൊക്കെയും ഉപേക്ഷിക്കുകയുമരുത്" (ലേവ്യർ 22:19). അവിവാഹിതരായ പുരുഷനും സ്ത്രീയും പരസ്പരം സമ്മതപ്രകാരം ലൈംഗിക വേഴ്ചയിൽ ഏർപ്പെട്ടിട്ട് പിടിക്കപ്പെട്ടാൽ അവൻ അവളെ ഭാര്യയായി സ്വീകരിക്കുകയും ആയുഷ്ക്കാലത്തൊരിക്കലും ഉപേക്ഷിക്കുകയുമരുത് (ആവർത്തനം 22:29)

മോശെയുടെ നിയമം വ്യക്തമായി പറയുന്നു: "വ്യഭിചാരം ചെയ്യരുത്" എന്ന് (പുറപ്പാട് 20:14). വിവാഹിതരായ പുരുഷനോ സ്ത്രീയോ മറ്റൊരാളുമായുള്ള ലൈംഗിക വേഴ്ചയിൽ പിടിക്കപ്പെട്ടാൽ കല്ലെറിഞ്ഞു കൊല്ലുന്നതാണ് ശിക്ഷ, കാരണം യിസ്രായേലിന്റെ ഇടയിൽ ദോഷം ദൈവം ആഗ്രഹിക്കുന്നില്ല (ആവർത്തനം 22:22-29). നിരപരാധിയായ ആൾക്ക് തന്റെ ജീവിത പങ്കാളി മരിച്ചാൽ വീണ്ടും വിവാഹം ചെയ്യാം.

### മോശെ വിവാഹ മോചനം അനുവദിച്ചു

"കാലങ്ങൾ പിന്നിട്ടപ്പോൾ ജാതികളുടെ മാതൃകപ്രകാരം വിവാഹത്തിന്റെ കെട്ടുറപ്പ് അയഞ്ഞു, വ്യഭിചാരത്തിനോടുള്ള സമൂഹത്തിന്റെ മനോഭാവം മാറി, അതിനുകൊടുത്തിരുന്ന ശിക്ഷ ഇല്ലാതെയായി (Smith's Bible dictionary, Adultery). അതിനാൽ വിവാഹമോചനവും പുനർവിവാഹവും സർവ്വസാധാരണമായി. ആവർത്തന പുസ്തകം 24:1-2ൽ വിവാഹ മോചനത്തിന് മോശെ അനുവാദം നല്കിയത് നാം ഇങ്ങനെ വായിക്കുന്നു:" ഒരു പുരുഷൻ തന്റെ സ്ത്രീയെ തെരഞ്ഞെടുത്തു വിവാഹം ചെയ്തശേഷം അവളിൽ ദൂഷ്യമായത് വല്ലതും കണ്ടിട്ട് അവന് അവളോട് അനിഷ്ടം തോന്നിയാൽ ഒരു ഉപേക്ഷണ പത്രം എഴുതി കയ്യിൽ കൊടുത്ത് അവളെ വീട്ടിൽ നിന്ന് അയയ്ക്കണം. അവന്റെ വീട്ടിൽ നിന്ന് പുറപ്പെട്ട ശേഷം അവൾ പോയി മറ്റൊരു പുരുഷന് ഭാര്യ ആയി ഇരിക്കാം."



## യഹൂദ നിയമത്തിലെ പൊരുത്തക്കേട്

> മാനുഷിക നിയമപ്രകാരം രണ്ടുതവണ വിവാഹിതരായവർ എല്ലാം ഗുരുവിന്റെ മുമ്പാകെ പാപികളാണ്
> – ജസ്റ്റിൻ മാർട്ടിയർ 160 എ. ഡി.

വ്യഭിചാരത്തിൽ പിടിക്കപ്പെടുന്നവർക്ക് മരണശിക്ഷ നല്കുന്നതിനുള്ള ദൈവീക വ്യവസ്ഥ മോശെ പിന്നിടീ് ഒരു നിയമത്തിൽകൂടി അശുദ്ധി കണ്ടാൽ വിവാഹമോചനം എന്നാക്കി അതിനെ ഉദാരവല്ക്കരിച്ചു. ഈ നടപടിയുടെ പശ്ചാത്തിലത്തിൽ വിവാഹമോചനത്തിന്റെ നിയമസാധുതയും പശ്ചാത്തലത്തെയുംക്കുറിച്ച് യഹൂദപണ്ഡിതന്മാർ ക്രിസ്തുവിന്റെ നാളുകളിൽ വളരെ വിവാദങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. വിവാഹമോചനത്തെ സാധൂകരിക്കുന്ന "അശുദ്ധി" എന്ന പദത്തെ വ്യാഖ്യാനിക്കുന്നത് കേന്ദ്രീകരിച്ചായിരുന്നു സംവാദം. വിവാഹമോചന നിയമം വ്യാഖ്യാനിക്കുന്നതിൽ അനേകം യഹൂദന്മാരും അയഞ്ഞ നിലപാട് സ്വീകരിച്ചിരുന്നവർ ആയിരുന്നു എന്നു പറഞ്ഞാലേ മതിയാകൂ. ചില റബ്ബിമാർ ഭാര്യയോ, ഭർത്താവോ വ്യഭിചാരം ചെയ്താൽ വിവാഹമോചനം അനുവദിച്ചിരുന്നു. മറ്റുചിലർ കൂടുതൽ ഔദാര്യം നല്കിയിട്ട് ഭർത്താവിന്റെ ദൃഷ്ടിയിൽ ഭാര്യ അനിഷ്ട ആയാൽ വിവാഹമോചനം അനുവദിച്ചു ഭക്ഷണം കരിച്ചുകളഞ്ഞാലോ, വീട് വൃത്തിയായി സൂക്ഷിക്കുവാൻ കഴിയാതെ പോയാലോ പുരുഷന് സ്ത്രീയെ ഉപേക്ഷിക്കാമായിരുന്നു.

## ക്രിസ്തുവിന്റെ നിയമം

ക്രിസ്തുവുമായി സംവാദിക്കുവാൻ പരീശന്മാർ അവന്റെ അടുക്കൽ വന്നു. ഭാര്യയെ ഉപേക്ഷിക്കുന്നത് പുരുഷന് വിഹിതമോ എന്ന് അവർ ചോദിച്ചു. (മർക്കൊസ് 10:2) മോശെയുടെ നിയമത്തെക്കുറിച്ച് അവർ ചോദിച്ചതിന് ക്രിസ്തു അവരെ പഠിപ്പിച്ചു തുടങ്ങിയത് വിവാഹത്തിന് സൃഷ്ടിയിലേ ഉണ്ടായിരുന്ന ബന്ധത്തെക്കുറിച്ചായിരുന്നു ക്രിസ്തുവിന്റെ പഠിപ്പിക്കൽ വിവാഹത്തിന്റെ നിലവാരത്തെ ഉയർത്തി നാം ഇന്ന് ജീവിക്കേണ്ടതായ ഉപദേശത്തിന്റെ പശ്ചാത്തലത്തിൽ ആയിരുന്നു.

മോശെ നിങ്ങൾക്ക് എന്തു കല്പന തന്നു എന്ന് യേശു അവരോട് ചോദിച്ചതിന് അവരുടെ മറുപടി: "ഉപേക്ഷണ പത്രം എഴുതികൊടുത്ത് അവളെ ഉപേക്ഷിക്കുവാൻ മോശെ അനുവദിച്ചു എന്ന് അവർ പറഞ്ഞു" (മർക്കൊസ് 10:3-4) യേശു അവരോട് നിങ്ങളുടെ ഹൃദയ കാഠിന്യം നിമിത്തമത്രേ അവൻ നിങ്ങൾക്ക് ഈ കല്പന എഴുതി തന്നത് എന്നു പറഞ്ഞു (മർക്കൊസ് 10:5) "സൃഷ്ടിയുടെ ആരംഭത്തിലോ ദൈവം അവരെ ആണും പെണ്ണുമായി ഉണ്ടാക്കി.... ഇരുവരും ഒരു ദേഹമായിത്തീരും. ആകയാൽ ദൈവം യോജിപ്പിച്ചതിനെ മനുഷ്യൻ വേർപിരിക്കരുത്" (മർക്കൊസ് 10:6-10) കാലത്തിന്റെ ആരംഭം മുതൽ വിവാഹമോചനം വിലക്കിയിരുന്നു; പക്ഷേ മനുഷ്യഹൃദയത്തിന്റെ കാഠിന്യവും പാപവും മൂലമാണ് മോശെ വിവാഹമോചനം അനുവദിച്ചത്. വിവാഹബന്ധം മനുഷ്യൻ വേർപിരിക്കരുത് എന്ന് യേശു പഠിപ്പിച്ചു. യാതൊരു പൗരാവകാശ നിയമങ്ങളോ, മതനിയമങ്ങളോ വിവാഹബന്ധത്തിന്റെ ദൈവീക ചട്ടങ്ങളെ മറികടക്കുന്നതല്ല. നിയമത്തിന്റെ പരിധിയിൽ നിന്ന് ഒഴിയുവാനുള്ള അവരുടെ ശ്രമത്തെ അവർ അനുവദിച്ചില്ല.

> **ഭക്ഷണം കരിച്ചു കളഞ്ഞാലോ വീട് വൃത്തിയായി സൂക്ഷിക്കുവാൻ കഴിയാതെ പോയാലോ പുരുഷന് സ്ത്രീയെ ഉപേക്ഷിക്കാമായിരുന്നു.**
> [യെഹൂദ മര്യാദ]

## വ്യഭിചാര സ്വഭാവമുള്ള ബന്ധങ്ങൾ

ഇന്നുള്ള അനേകരെപ്പോലെ ക്രിസ്തുവിന്റെ ശിഷ്യന്മാരും ഈ വിഷയത്തിൽ സംഘർഷം ഉണ്ടായിരുന്നവർ ആയിരുന്നിരിക്കണം. അതുകൊണ്ട് അവർ കൂടുതൽ ആകാംക്ഷയോടെ ക്രിസ്തുവിനോട് ഈ വിഷയം ചോദിച്ചപ്പോൾ വളരെ വ്യക്തമായി യേശു സംസാരിച്ചു. "ഭാര്യയെ ഉപേക്ഷിച്ച് മറ്റൊരുത്തിയെ വിവാഹം കഴിക്കുന്നവൻ അവൾക്ക് വിരോധമായി വ്യഭിചാരം ചെയ്യുന്നു (മർക്കൊസ് 10:10-12). ഈ വചനത്തിന് വ്യക്തത ഇല്ലാതിരുന്നതിനാൽ സന്ദേഹത്തിന് ഇടയില്ലാതെ യേശു പറഞ്ഞത് ഒരു മനുഷ്യൻ തന്റെ ഭാര്യയെ ഉപേക്ഷിച്ച് മറ്റൊരുത്തിയെ വിവാഹം ചെയ്താൽ അവൻ വ്യഭിചാരം ചെയ്യുന്നു എന്നാണ്. അത് എന്തുകൊണ്ടെന്നാൽ പുതിയ സ്ത്രീ യഥാർത്ഥത്തിൽ അയാളുടെ ഭാര്യ അല്ലാത്തതിനാൽ ആ

വിവാഹം വ്യഭിചാര സ്വഭാവമുള്ളതായിരിക്കും. ലൂക്കോസ് 16:18ൽ യേശു, കൂടുതലായി പഠിപ്പിക്കുന്നത്: "ഭാര്യയെ ഉപേക്ഷിച്ച് മറ്റൊരു ത്തിയെ വിവാഹം കഴിക്കുന്നവർ എല്ലാം വ്യഭിചാരം ചെയ്യുന്നു; ഭർത്താവ് ഉപേക്ഷിച്ചവളെ വിവാഹം കഴിക്കുന്നവരും വ്യഭിചാരം ചെയ്യുന്നുന്നു. പുനർവിവാഹം കൊണ്ട് പുരുഷൻ മാത്രമല്ല, സ്ത്രീയും ദോഷ പ്രവർത്തികൾ ഒന്നുമില്ലാത്ത നിരപരാധി ആണെങ്കിലും വ്യഭിചാരം ചെയ്യുന്നു. ഉപേക്ഷിക്കപ്പെട്ടവളെ വിവാഹം കഴിക്കുന്നവനും വ്യഭിചാരം ചെയ്യുന്നു എന്ന വസ്തുത യേശു, വ്യക്തമാക്കി. ദമ്പതികൾ രണ്ടുപേരെയും പുനർവിവാഹത്തിന് കർത്താവ് അനുവദിക്കാത്തതിനാൽ അവർക്ക് യോജിപ്പിലെത്തുവാനും പുനഃസംഗമത്തിനും അവസരം ഉണ്ട്. വിവാഹം ആജീവനാന്തം ഉള്ളതാണ്. ദൈവത്തിന്റെ ദൃഷ്ടിയിലും മനുഷ്യന്റെ അവിഹിത ബന്ധങ്ങൾക്കും സംഗമങ്ങൾക്കും ഉപരിയായി അത് അങ്ങനെതന്നെ. യേശു വിവാഹത്തിന്റെ ആജീവനാന്ത ഉടമ്പടി പുനഃസ്ഥാപിച്ചു - ആദി മുതലേ അവൻ അനുവദിച്ച ഉടമ്പടി.

**"വിവാഹം ആജീവനാന്തം ഉള്ളതാണ്, ദൈവത്തിന്റെ ദൃഷ്ടിയിലും മനുഷ്യന്റെ ബന്ധങ്ങൾക്കും സംഗമങ്ങൾക്കും ഉപരിയായി അത് അങ്ങനെതന്നെ"**

"ആരെങ്കിലും ഭാര്യയെ ഉപേക്ഷിച്ചാൽ അവൾക്ക് ഉപേക്ഷണപത്രം കൊടുക്കട്ടെ എന്നും അരുളിച്ചെയ്തിട്ടുണ്ടല്ലോ. ഞാനോ നിങ്ങളോട് പറയുന്നത്: പരസംഗം ഹേതുവായിട്ടല്ലാതെ ഭാര്യയെ ഉപേക്ഷിക്കുന്നവനെല്ലാം അവളെക്കൊണ്ട് വ്യഭിചാരം ചെയ്യിക്കുന്നു; ഉപേക്ഷിച്ചവളെ ആരെങ്കിലും വിവാഹം കഴിച്ചാൽ വ്യഭിചാരം ചെയ്യുന്നു (മത്തായി 5: 31 -32) യഹൂദ ചരിത്രപ്രകാരം ഉപേക്ഷണ പത്രത്താൽ വിവാഹമോചനം നേടിയ ആൾക്ക് പുനർവിവാഹത്തിന് സ്വാതന്ത്ര്യമുണ്ട്. ഈ കാരണത്താലായിരുന്നു "അവളെകൊണ്ട് വ്യഭിചാരം ചെയ്യിക്കുന്നു" എന്ന് യേശു പറഞ്ഞത്. തെറ്റായ പ്രവർത്തിയിൽ നിന്ന് അവൾ നിരപരാധി ആയിരിക്കുകയും അവൾ പുനർവിവാഹം ചെയ്താൽ ഭർത്താവ് കൂടുതൽ കുറ്റക്കാരനായിത്തീരും. ലൈംഗികമായ പാപത്തിന് ഭർത്താവ് ഭാര്യയെ ഉപേക്ഷിച്ചാൽ (പരസംഗം ഹേതുവായി) ദൈവമുമ്പാകെ ഭർത്താവ് കുറ്റക്കാരനാകുകയില്ല. കാരണം അവൾ വ്യഭിചാരിണി ആകുന്നു. അതേസമയം യേശു, ലൈംഗിക പാപം നിമിത്തമുള്ള ഉപേക്ഷണത്തെ കുറ്റപ്പെടുത്തുന്നില്ലെങ്കിലും അവൻ പുനർവിവാഹത്തിനുള്ള അവസരത്തെ അനുവദിക്കുന്നില്ല.

**മരണം മാത്രമേ വിവാഹബന്ധം വേർപെടുത്തുന്നുള്ളു.**

പൗലൊസ് അപ്പൊസ്തലൻ പുനർവിവാഹത്തിന്റെ കാര്യം വ്യാഖ്യാനിക്കുന്നുണ്ട്. ദമ്പതികളിൽ ഒരാളുടെ മരണത്താൽ മാത്രമേ പുനർവിവാഹത്തിന് ഒരാൾക്ക് സ്വാതന്ത്ര്യമുള്ളു. ഭർത്താവുള്ള സ്ത്രീ ജീവിച്ചിരിക്കുന്ന ഭർത്താവിനോട് ന്യായപ്രമാണത്താൽ ബന്ധിക്കപ്പെട്ടിരിക്കുന്നു. ഭർത്താവ് മരിച്ചാൽ അവൾ ഭർത്തൃന്യായപ്രമാണത്തിൽ നിന്ന് ഒഴിവുള്ളവളായി. ഭർത്താവ് ജീവിച്ചിരിക്കുമ്പോൾ അവൾ വേറെ പുരുഷന് ഭാര്യ ആയാൽ വ്യഭിചാരിണി എന്ന് പേരുവരും. ഭർത്താവ് മരിച്ചു എങ്കിലോ അവൾ വേറെ പുരുഷന് ആയാൽ വ്യഭിചാരി എന്നു പേരു വരാത്തവണ്ണം ന്യായപ്രമാണത്തിൽ നിന്ന് സ്വതന്ത്രയാകുന്നു,( റോമർ 7 : 2-3) ജീവിതപങ്കാളി ജീവിച്ചിരിക്കുമ്പോൾ ഒരാൾ പുനർവിവാഹം ചെയ്താൽ അയാൾ വ്യഭിചാരം ചെയ്യുന്നു എന്ന വസ്തുതയ്ക്ക് ഇത് വീണ്ടും ഊന്നൽ നൽകുന്നു.

പരസംഗമാണ് പുരുഷൻ തന്റെ ഭാര്യയെ ഉപേക്ഷിക്കുവാൻ കാരണം. എന്നാലവർക്ക് ആയുസ്സിൽ മറ്റൊരു വിവാഹം കഴിക്കാൻ അനുവാദമില്ല. സ്ത്രീകൾക്ക് ഭാര്യമാരെ ഉപേക്ഷിച്ച പുരുഷന്മാരെ വിവാഹം കഴിക്കുവാനും അനുവാദമില്ല. ആ ബന്ധം വിവാഹമല്ല വ്യഭിചാരമാണ്.
– സെന്റ് അഗസ്റ്റിൻ

**വിവാഹമോചനം നേടിയാൽ പുനർവിവാഹം കഴിക്കാതിരിക്കുക.**

ഭാര്യയും ഭർത്താവും പരസ്പരം പരിത്യജിച്ചിട്ട് ഒറ്റക്ക് ജീവിച്ചുകൊണ്ട് പാപത്തിലും വ്യഭിചാരത്തിലും ജീവിക്കുന്ന അനേകം ദുഃഖകരവും ദൗർഭാഗ്യകരവുമായ അവസ്ഥയുണ്ട്. വിവാഹം കഴിഞ്ഞവരോട്

> ജീവിതകാലം മുഴുവനിലേക്കുമുള്ള തീരുമാനമാണ് വിവാഹം. യൗവനക്കാരും മുതിർന്നവരും ഒരുപോലെ പ്രാർത്ഥനയോടും സൂക്ഷമതയോടും ഇത് പരിഗണിക്കണം.

ഞാനല്ല കർത്താവു തന്നെ കൽപ്പിക്കുന്നത് : ഭാര്യ ഭർത്താവിനെ വേർപിരിയരുത്, പിരിഞ്ഞു എങ്കിലോ വിവാഹം കൂടാതെ പാർക്കണം.! അല്ലന്നു വരുകിൽ ഭർത്താവിനോട് നിരന്നുകൊള്ളണം. ഭർത്താവ് ഭാര്യയെ ഉപേക്ഷിക്കുകയുമരുത്. ( 1 കൊരിന്ത്യർ 7 : 10-11). വേർപിരിയുവാൻ തക്കവണ്ണമുള്ള കാരണം ദമ്പതികൾക്ക് ഉണ്ടെങ്കിൽ പുനർവിവാഹം കൂടാതെ, ജീവിതപങ്കാളി ജീവിച്ചിരിക്കുന്നതിനാൽ, പാർക്കണം. ക്രിസ്തുവിന്റെ ശക്തിയാൽ ദൈവം അവർക്ക് വിശുദ്ധിയിലും തനിച്ചും ജീവിക്കുവാനുള്ള കൃപ നൽകും.

### രക്ഷിക്കപ്പെടാത്ത തുണകൾ

തുടർന്നും പൗലോസ് നിർദ്ദേശിക്കുന്നത് രക്ഷിക്കപ്പെടാത്ത തുണയോടുകൂടി ജീവിക്കുന്നതിനെക്കുറിച്ചാണ്. വിശ്വാസിയായ ഭാര്യയോടും കൂടി അവിശ്വാസിയായ ഭർത്താവ് പാർക്കുമ്പോൾ വിവാഹം ചെയ്ത് ജീവിക്കുവാൻ ആഗ്രഹിക്കുന്നു എങ്കിൽ വിവാഹം പരിത്യജിക്കരുത്. എന്ന് അവൻ ഉപദേശിക്കുന്നു. തീർച്ചയായും ഒരുവൻ വ്യഭിചാരിയായാൽ അവൻ ഭാര്യയോടുകൂടി പാർക്കുവാൻ ഇഷ്ടപ്പെടുന്നില്ല എന്ന സൂചനയാണുള്ളത്. പിരിയുന്നു എങ്കിൽ അവിശ്വാസി പിരിയട്ടെ, ഈ വകയിൽ ഒരു സഹോദരനോ, സഹോദരിയോ ബന്ധരായിരിക്കുന്നില്ല. എന്നാൽ സമാധാനത്തോടെ ജീവിക്കുവാൻ ദൈവം നമ്മെ വിളിച്ചിരിക്കുന്നു. (1കൊരിന്ത്യർ 7: 12-15). വിശ്വാസി എപ്പോഴും വിവാഹബന്ധത്തിൽ ദൈവമുമ്പാകെ കടപ്പെട്ടിരിക്കുന്നു, അല്ലാതെ അവിശ്വാസിയുടെ തെറ്റായ സ്വഭാവത്തിന്റെയോ പ്രവർത്തിയുടേയോ അടിമത്വത്തിൻ കീഴിലല്ല. (മത്തായി 5 : 31-32 കാണുക). ഈ വചനഭാഗം നിരപരാധിക്ക് പുനർവിവാഹം അനുവദിക്കുന്നില്ല. പൗലോസ്, ആ അദ്ധ്യായം സംഗ്രഹിക്കുന്നത് " ഭർത്താവ് ജീവിച്ചിരിക്കുന്ന കാലത്തോളം സ്ത്രീ ബന്ധിക്കപ്പെട്ടിരിക്കുന്നു. ഭർത്താവു മരിച്ചുപോയാൽ തനിക്കു മനസ്സുള്ളവനുമായി വിവാഹം കഴിക്കുവാൻ സ്വാതന്ത്ര്യമുണ്ട്. കർത്താവിൽ വിശ്വസിക്കുന്നവനുമായി മാത്രമേ ആകാവൂ" (1കൊരിന്ത്യർ 7 : 29) എന്ന് വീണ്ടും ഓർപ്പിച്ചുകൊണ്ടാണ്.

### അവിശ്വാസിയെ വിവാഹം കഴിക്കരുത്

ഒന്നാമത്തെതോ, രണ്ടാമത്തെ നിയമപരമായ വിവാഹമോ ആയാലും രക്ഷിക്കപ്പെട്ടവർ രക്ഷിക്കപ്പെട്ടവരെ വിവാഹം കഴിക്കണമെന്നത് പ്രധാനമായി ശ്രദ്ധിക്കണം." കർത്താവിൽ വിവാഹിതരാകുക".വിശ്വാസത്തിന് വെളിയിൽ നിന്നുള്ളവരെ വിവാഹം ചെയ്തതിനാൽ പലർക്കും അവരുടെ രക്ഷ നഷ്ടമായിട്ടുണ്ട്. ദൈവപൈതലെ സൂക്ഷിക്കുക നിന്റെ താൽപര്യം രക്ഷിക്കപ്പെടാത്തവരിലേക്ക് പോകുവാൻ സമ്മതിക്കരുത്.

### വ്യഭിചാരിക്കുള്ള പ്രതീക്ഷ

" വിവാഹം എല്ലാവർക്കും മാന്യവും കിടക്ക നിർമ്മലവും ആയിരിക്കട്ടെ; എന്നാൽ ദുർന്നടപ്പുകാരേയും വ്യഭിചാരികളെയും ദൈവം വിധിക്കും. (എബ്രായർ 13 : 4). വ്യഭിചാരം ജഡത്തിന്റെ ഒരു പ്രവർത്തി ആയതുകൊണ്ട് " ഈ വക പ്രവർത്തിക്കുന്നവർ ദൈവരാജ്യം അവകാശമാക്കുന്നില്ല. (ഗലാത്യർ 5: 19-21)

യേശു, മരിച്ചത് വ്യഭിചാരികൾക്കും കൂടിയാണ്, അതിനാൽ അവർക്ക് കരുണയും ക്ഷമയും ഉണ്ട്(യോഹന്നാൻ 8: 3-11). കർത്താവ് വ്യഭിചാരിയെ സ്നേഹിക്കുന്നു പക്ഷേ അവൻ വ്യഭിചാരബന്ധം പരിത്യജിക്കണം. പാപത്താലുള്ള ഭവിഷത്ത് ഉണ്ടെങ്കിലും, പരിശുദ്ധാത്മാവിന് ഒരു ദേഹിയെ ദൈവമുമ്പാകെ ശുദ്ധമായ ഒരു സ്ഥാനത്തേക്ക് കൊണ്ടുവരാൻ കഴിയും.

വിവാഹം വേർപ്പെടുത്തുവാൻ കഴിയാത്ത ബന്ധമാണ് എന്ന് പുതിയ നിയമതിരുവചനങ്ങൾ വളരെ വ്യക്തമായി പഠിപ്പിക്കുന്നു. വിവാഹമോചനവും പുനർവിവാഹവും ദൈവത്തിന്റെ വിവാഹ പദ്ധതിയിലുള്ള ഒന്നല്ല. ആജീവനാന്തമുള്ള ഒരു തീരുമാനമാണ് വിവാഹം, ഈ കാരണത്താലും വിവാഹത്തിന് ഒരു അവസരം മാത്രം ഉള്ളതിനാലും യുവാക്കളും മുതിർന്നവരും പ്രാർത്ഥനയോടും സൂക്ഷമതയോടും വിവാഹത്തെ കരുതേണ്ടത് പ്രധാനമാണ്. ദൈവത്തിന്റെ പദ്ധതി പിൻതുടർന്നാൽ വിവാഹം മാന്യമുള്ളതായിത്തീരും.

MWS

# ബഹുഭാര്യാത്വം വിലക്കപ്പെട്ടത്

പഴയനിയമത്തിലുള്ള ധാരാളം പുരുഷന്മാർ ഒന്നിലധികം ഭാര്യമാരെ (ബഹുഭാര്യാത്വം) സ്വീകരിച്ചു പോന്നു. എന്നാൽ യഥാർത്ഥമായി ദൈവീകപ്രമാണം ഒരു പുരുഷന് ഒരു സ്ത്രീ എന്നതാണ്. പുതിയ നിയമത്തിൽ വിവാഹത്തിന്റെ വസ്തുതാപരമായ നിലപാട് ക്രിസ്തു തന്നെ ഊന്നി പറഞ്ഞിട്ടുണ്ട്. "അതിന് അവൻ : സൃഷ്ടിച്ചവൻ ആദിയിൽ അവരെ ആണും പെണ്ണുമായി സൃഷ്ടിച്ചു എന്നും അതു നിമിത്തം മനുഷ്യൻ അപ്പനേയും അമ്മയേയും വിട്ടുപിരിഞ്ഞ് ഭാര്യയോട് പറ്റിച്ചേരും. ഇരുവരും ഒരു ദേഹമായിത്തീരുമെന്ന് അരുളി ചെയ്തു. എന്നും നിങ്ങൾ വായിച്ചിട്ടില്ലയോ ?" (മത്തായി 19:4 – 6)

"ദ്വയിൻ" എന്നവാക്കിന് മൂന്ന് അല്ലെങ്കിൽ നാല് എന്നർത്ഥമില്ല. വേർപിരിക്കാനാവാത്ത രണ്ട് എന്ന് തന്നെയാണർത്ഥം. ആദാമിനു വേണ്ടി ഹവ്വ എന്ന സ്ത്രീയെ ദൈവം സൃഷ്ടിച്ചു. പ്രസ്തുത വിവാഹ ഉടമ്പടി പൂർത്തീകരിക്കുവാൻ ഒരു "മാർത്താ" യെ അല്ല ദൈവം ഈ അവസരത്തിൽ സൃഷ്ടിച്ചത്. മിക്ക രാജ്യങ്ങളിലും ഇന്ന് ബഹുഭാര്യാത്വം നിലനിൽക്കുന്നുണ്ട്. പ്രസ്തുത ആചാരം ദൈവ വചന വിരുദ്ധമാണെന്നും ദൈവവചനം അനുശാസിക്കുന്നു. ഈ ലോകസൃഷ്ടിപ്പു മുതലുള്ള പ്രസ്തുത ആചാരം ക്രിസ്തു കൃപാ യുഗത്തിൽ നിർത്തലാക്കുകയും പകരമായി വിവാഹമെന്ന മനോഹരമായ ഉടമ്പടി പുനഃസ്ഥാപിക്കുകയും ചെയ്തു.

തീമൊഥെയോസിനെ ഉപദേശിക്കുമ്പോൾ പൗലോസ് ഇപ്രകാരം നിർദ്ദേശിച്ചു. " ഒരു അദ്ധ്യക്ഷൻ നിർമ്മദനും ഏകഭാര്യയുടെ ഭർത്താവും... " (1 തീമഥെ.3:2). പുരുഷൻ വിവാഹിതനാകണമെന്ന് പൗലോസ് അനുശാസിക്കുകയായിരുന്നില്ല മറിച്ച് താൻ ബഹുഭാര്യത്വത്തെ വിലക്കുകയായിരുന്നു. ഒന്നിലധികം ഭാര്യമാരുള്ള വ്യക്തി ശുശ്രൂഷകനാകാൻ യോഗ്യനല്ലാ എന്നും പ്രസ്തുത വ്യക്തി ദൈവീകപദ്ധതി പ്രകാരം ഒരു മാതൃകാജീവിതമുള്ളവനായിരിക്കണമെന്നും നിഷ്കർഷിക്കുകയായിരുന്നു.

# കുട്ടികളെക്കുറിച്ചുള്ള നിലപാട് എന്ത്?

ഒരു പുരുഷൻ അല്ലെങ്കിൽ സ്ത്രീ തങ്ങളുടെ പങ്കാളിയെ ഉപേക്ഷിക്കുമ്പോൾ അവൻ അല്ലെങ്കിൽ അവൾ വ്യഭിചാരം ചെയ്യുന്ന അവസ്ഥയാണ് സംജാതമാകുന്നത്. ബഹുഭാര്യാത്വത്തിലൂടെ വാസ്തവത്തിൽ ഇതു തന്നെയാണ് സംഭവിക്കുക. രക്ഷിക്കപ്പെടുന്നതിൽ നിന്നും എന്നന്നേക്കുമായി ജനത്തെ തടഞ്ഞു നിർത്തുന്ന പൈശാചിക തന്ത്രമാണിത്. എന്നാൽ ജനങ്ങൾ രക്ഷിക്കപ്പെടുമ്പോൾ തങ്ങളുടെ പാപത്തിൽ നിന്നും പിന്തിരിയുകയും പരിശുദ്ധിയിൽ ജീവിക്കുകയും ചെയ്യുന്നു. സങ്കീർണ്ണമായ കുടുംബജീവിതം വളരെ പ്രശ്നങ്ങൾക്കും ഹൃദയവേദനയ്ക്കും കാരണമാകുന്നു. ചില സാഹചര്യത്തിൽ അസാധ്യമാണ് മുന്നോട്ടുള്ള ജീവിതമെന്ന് തോന്നിപ്പോകുമെങ്കിലും സകലപ്രശ്നങ്ങളെയും പരിഹരിക്കുന്ന ശക്തനായ രക്ഷകൻ നമ്മോട്കൂടെയുണ്ട്. അവൻ സകലപ്രശ്നങ്ങളെയും കൈകാര്യം ചെയ്യാൻ നമുക്ക് ആവശ്യമായ ജ്ഞാനവും കൃപയും നൽകും. പരിശുദ്ധാത്മാവ് നമ്മെ സകലസത്യത്തിലും വഴിനടത്തുകയും വചനവിരുദ്ധമായി നാം നീങ്ങാതെ നമ്മെ ശരിയായി വഴിനടത്തുകയും ചെയ്യും.



**"തനിക്കുള്ളവർക്കും പ്രത്യേകം സ്വന്തകുടുംബക്കാർക്കും വേണ്ടി കരുതാത്തവൻ വിശ്വാസം തള്ളിക്കളഞ്ഞ അവിശ്വാസിയെക്കാൾ അധമനായിത്തീർന്നു."(1 തീമൊ. 5:8)**

ബഹുഭാര്യാത്വത്തിലൂടെയും വ്യഭിചാരത്തിലൂടെയും മറ്റും കുട്ടികൾ ജനിക്കാറുണ്ട്. ദൈവദൃഷ്ടിയിൽ ഇത്തരം കുട്ടികൾ കുറ്റമറ്റവരും നിരപരാധികളുമാണ്. ഒരു മനുഷ്യൻ വിവാഹകുടുംബജീവതത്തിലേക്ക് പ്രവേശിക്കുമ്പോൾ ദൈവീക പദ്ധതികൾക്ക് തുടക്കംകുറിക്കുകയാണ്. വചനപ്രകാരമുള്ളതല്ലാത്ത വിവാഹത്തിലൂടെയല്ല ഇത്തരം കുട്ടികൾ ജനിക്കുന്നതെങ്കിൽ പോലും അവർ ദൈവദാനം തന്നെ.

പൗലോസ് ഇപ്രകാരം ഓർമ്മിപ്പിക്കുന്നു. "തനിക്കുള്ളവർക്കും പ്രത്യേകം സ്വന്തകുടുംബക്കാർക്കും വേണ്ടി കരുതാത്തവൻ വിശ്വാസം തള്ളിക്കളഞ്ഞ അവിശ്വാസിയെക്കാൾ അധമനായിത്തീർന്നു" (1 തീമൊ. 5:8) ഏതു രീതിയിലുള്ള വിവാഹമായിരുന്നാലും പിതാവിന് കുഞ്ഞുങ്ങളെകാണുന്നതിനും കരുതുവാനും അവകാശവും സ്വാതന്ത്ര്യവും ഉണ്ടായിരിക്കും. പലപ്പോഴും പിതാവിന്റെ പാപത്തിന് വിലകൊടുക്കേണ്ടി വരുന്നത് കുഞ്ഞുങ്ങളാണ്. പിതാവ് ദൈവസ്നേഹത്തിൽ വേണം അവരോട് പെരുമാറുവാനും പോറ്റി പുലർത്തുവാനും.

"രണ്ടാം ഭാര്യയുമായി" ഒരു പുരുഷൻ സ്വന്തം ഭവനത്തിലേക്ക് വന്ന് സ്വന്തം കുട്ടികളെ തെരുവിലേക്ക് തള്ളിവിടേണ്ടിവരുന്ന സാഹചര്യം എത്ര വേദനാജനകമായതാണ്. കുട്ടികളുടെ പിതാവെന്ന നിലയിൽ ആ വ്യക്തിക്ക് ചില ഉത്തരവാദിത്വങ്ങൾ ഉണ്ട്. അതുപോലെതന്നെ നിയമവിരുദ്ധമായി ഒന്നിച്ചു താമസിക്കുന്നവരുടെ കാര്യത്തിലും ആത്മീയരും വിശ്വാസത്തിൽ ഉറച്ചവരുമായ സഹോദരസഹോദരിമാരുടെ ആലോചനയും അഭിപ്രായങ്ങളും ആരായുകയാണ് ഇത്തരത്തിലുള്ള സാഹചര്യങ്ങളിൽ ചെയ്യേണ്ടത്.

## ചോദ്യവും ഉത്തരവും

**ചോദ്യം :** **മത്തായി 19 : 9 -ാം വാക്യം ഒന്ന് വിശദീകരിക്കാമോ ? ചിലർ പര സംഗം മുഖാന്തരം പുനർ വിവാഹത്തിന് ഇത് കാരണമായി കരുതുന്നു.**

**ഉത്തരം :** വിവാഹമോചനവും പുനർവിവാഹവും എന്ന വിഷയം പ്രദിപാദിക്കുമ്പോൾ ഈ വചനം ഒഴിവാക്കാൻ തന്നെ പ്രയാസമാണ്. മത്തായി. 19 : 9 -ൽ നാം ഇങ്ങനെ വായിക്കുന്നു. " "ഞാനോ നിങ്ങളോട് പറയുന്നത് പരസംഗത്താലല്ലാതെ ഭാര്യയെ ഉപേക്ഷിച്ച് മറ്റൊരുത്തിയെ വിവാഹം കഴിക്കുന്നവൻ വ്യഭിചാരം ചെയ്യുന്നു."

തിരുവചനം വ്യാഖ്യാനിക്കുന്നതിന്റെ അടിസ്ഥാനതത്വം എന്നത് " വിശ്വാസത്തിന്റെ ഐകൃത" എന്നാതാണ്. അതായത് വചനം വ്യാഖ്യാനിക്കുമ്പോൾ ഒരു വസ്തുത മറ്റൊന്നിന് ഘടകവിരുദ്ധമാകാൻ പാടില്ല. ഒരു നാണയത്തിന്റെ രണ്ട് വശങ്ങൾ പോലെ ഒരോ വചനഭാഗങ്ങൾക്കും അതിന്റെതായ പശ്ചാത്തലമുണ്ട്. ഒരു വചനം മാത്രം അടർത്തിയെടുത്തു ഒരു ഉപദേശം രൂപീകരിപ്പാനാവില്ല.

തിരുവചനം വ്യാഖ്യാനിക്കുന്നതിന്റെ അടിസ്ഥാനതത്വം എന്നത് " വിശ്വാസത്തിന്റെ ഐക്യത" എന്നതാണ്. അതായത് വചനം വ്യാഖ്യാനിക്കുമ്പോൾ ഒരു വസ്തുത മറ്റൊന്നിന് ഘടക വിരുദ്ധമാകാൻ പാടില്ല.

ജീവിതത്തിൽ വിവാഹം അഭികാമ്യം എന്നത് വചനാടിസ്ഥാനത്തിൽ സ്പഷ്ടമായ കാര്യം തന്നെ. വിവാഹജീവിതത്തിലുള്ള അവിശ്വസ്തഹേതുവായി വേർപിരിയുന്നതും ഉപേക്ഷിച്ചവളെ മറ്റൊരാൾ വിവാഹം കഴിക്കുന്നതും വ്യഭിചാരമായിട്ടാണ് ദൈവം കാണുന്നത്. മത്തായി 5 :32, ലൂക്കോസ്. 16 : 18, മർക്കോസ്. 10 : 11,12, 1 കൊരി. 7 : 10, 11, 39 എന്നീ വേദഭാഗങ്ങളെല്ലാം ഈ വിഷയം വ്യക്തമായി വിശകലനം ചെയ്തിട്ടുണ്ട്. എന്നിരുന്നാലും മത്തായി. 19 : 9 തീർച്ചയായും മേലുദ്ധരിച്ചിട്ടുള്ള വേദശകലങ്ങളുടെ അടിസ്ഥാനത്തിൽ വേണം വ്യാഖ്യാനിക്കുവാൻ.

ഈ വിഷയത്തെക്കുറിച്ചുള്ള ഓസ്റ്റീസ് വിൽസൺ സഹോദരന്റെ കാഴ്ചപ്പാടാണ് താഴെ കൊടുത്തിരിക്കുന്നത്:



> ഈ വിഷയത്തിന് എന്റെ കാഴ്ചപ്പാടിൽ രണ്ട് ഭാഗങ്ങളുണ്ട്. എന്തു കാരണം ചൊല്ലിയും ഭാര്യയെ ഉപേക്ഷിക്കുന്നതിന് വിഹിതമോ എന്ന പരീശന്മാരുടെ ചോദ്യമാണല്ലോ ഇതിന്റെ പശ്ചാത്തലം. (വാക്യം- 3). യേശുവിന്റെ മറുപടി അവരുടെ ചോദ്യവുമായി ബന്ധപ്പെട്ടിട്ടുള്ളതാണ്. ഉപേക്ഷിച്ചവളെ വിവാഹം കഴിക്കുന്ന കാര്യത്തെക്കുറിച്ചവർ ചോദിച്ചിട്ടില്ല. ഉപേക്ഷിച്ചവളെ വിവാഹം കഴിക്കുന്ന സമ്പ്രദായം അവരുടെ ഇടയിൽ നിലനിന്നിരുന്നു. മാത്രമല്ല, ഉപേക്ഷണവും പുനർ വിവാഹവും അവരുടെ ന്യായപ്രമാണം അനുവദിച്ചിരുന്നു. ഒന്നിലധികം ഭാര്യമാരോടൊപ്പം താമസിക്കുന്നവരായിരുന്നു അവർ (ബഹുഭാര്യാത്വം)
>
> ദുർന്നടപ്പ് മുഖാന്തിരം ഭാര്യയെ ഉപേക്ഷിക്കുന്നത് അനുവദനീയമായിരുന്നു, മത്തായി 5 : 32 ലെ വേദഭാഗവുമായി ചേർത്ത് ചിന്തിച്ചാൽ ദുർന്നടപ്പ് ആരോപിച്ച് ഭാര്യയെ ഉപേക്ഷിക്കുമ്പോൾ രണ്ട് സാക്ഷികൾ അനിവാര്യമായി വരുന്നു. മത്തായി. 18 : 16, യോഹന്നാൻ 8: 17 എന്നീ വചനങ്ങൾ പ്രകാരം രണ്ട് സാക്ഷികൾ മൂലം ഏതു കാര്യവും ഉറപ്പായി വരുന്നു എന്നു കാണാം. " ഭാര്യയെ ഉപേക്ഷിക്കുന്ന" കാര്യവും ഇതിന്റെ അടിസ്ഥാനത്തിലാകണം. പുതിയനിയമഉപദേശത്തിന്റെ അടിസ്ഥാനത്തിലാണ് യേശു പ്രസ്തുത ചോദ്യത്തിന് ഉത്തരം പറഞ്ഞിട്ടുള്ളത്. ഉപേക്ഷിച്ചവളെ വിവാഹം കഴിക്കുന്നവൻ വ്യഭിചാരം ചെയ്യുന്നു. യേശുവിന്റെ ഈ വാക്കുകൾ പരീശന്മാർക്ക് ഒരു ആഘാതം തന്നെയാണ് ഉണ്ടാക്കിയത്. ഒരു ഞെട്ടലോടെയുള്ള ശിഷ്യന്മാരുടെ പ്രതികരണവും ശ്രദ്ധേയമാണ്. "സ്ത്രീയെ സംബന്ധിച്ച് മനുഷ്യന്റെ അവസ്ഥ ഇങ്ങനെ എങ്കിൽ വിവാഹം കഴിക്കുന്നതു നന്നല്ല"( മത്തായി 19 : 10) തെരഞ്ഞെടുക്കപ്പെട്ടവർ ഇതുഗ്രഹിച്ചു. അതായത് വിവാഹം എന്ന ഒരു ബന്ധിക്കപ്പെട്ട അവസ്ഥയത്രെ. ഒരിക്കൽ ഇതിൽ പ്രവേശിച്ചു കഴിഞ്ഞാൽ പുറത്തുകടക്കുക എളുപ്പമല്ല. ആകയാൽ ഇതിലേക്ക് പ്രവേശിക്കാതിരിക്കുന്നത് ഏറെ നല്ലത്.

അപ്രകാരം മത്തായി 19 : 9 ഇപ്രകാരം ഉപസംഹരിക്കുവാൻ ഞാൻ താൽപര്യപ്പെടുന്നു. പരസംഗത്താലല്ലാതെ ഭാര്യയെ ഉപേക്ഷിക്കരുത്. ഉപേക്ഷിച്ചവളെ വിവാഹം കഴിക്കാനും പാടില്ല. മത്തായി 5 :32 ലെ വചനം കൂടി യേശു എടുത്ത് ഉപയോഗിച്ചുകൊണ്ട് ഈ പ്രശ്നം വിശകലനം ചെയ്യുന്നു.

" ദുർന്നടപ്പ് " എന്ന വാക്കിന് ഗ്രീക്ക് ഭാഷയിൽ " പോർണിയ' എന്നും വേശ്യാവൃത്തിയെന്നും രണ്ട് അർത്ഥത്തിൽ ഉപയോഗിക്കുന്ന പദമാണ്. അവിവാഹിതരായ രണ്ട് വ്യക്തികൾ ചേർന്നു നടത്തുന്ന ലൈംഗീക പാപമാണിത്. ഇതിനെ ദുർന്നടപ്പ് എന്നു പറയുന്നു. എന്നാൽ 'പോർണിയ' എന്ന വാക്കിനർത്ഥം വിവാഹത്തിനുശേഷം ജീവിതപങ്കാളിയോടു അവിശ്വസ്തത പുലർത്തി മറ്റുള്ളവ്യക്തികളുമായി ബന്ധപ്പെടുന്ന പാപമാണ്.

മത്തായി 5: 32, മത്തായി 19: 9 എന്നീ വേദഭാഗങ്ങളിൽ ജീവിതപങ്കാളിയുടെ അവിശ്വസ്തതയും പരസംഗവും ഉപേക്ഷണത്തിന് അനുവാദം നൽകിയിട്ടുണ്ടെങ്കിലും പുനർവിവാഹം അനുവദിച്ചിട്ടില്ല. ഉപേക്ഷിച്ചവളെ വിവാഹം കഴിക്കുന്നവൻ വ്യഭിചാരം ചെയ്യുന്നു എന്ന് യേശു പറഞ്ഞു. പരസംഗത്താൽ ഉപേക്ഷിക്കപെട്ടവളെയോ അല്ലാതെ നിരപരാധിയായ സ്ത്രീയെയോ എന്ന് യേശു വ്യത്യാസപ്പെടുത്തി പറഞ്ഞിട്ടില്ല. അവൾ ആരായിരുന്നാലും ഉപേക്ഷിക്കപെട്ടവളെങ്കിൽ അവളെ വിവാഹം കഴിക്കാൻ പാടില്ല. പുതിയ നിയമ ഉപദേശം ഇതുമായി വളരെ പൊരുത്തപ്പെടുന്നുണ്ട്.

പ്രസ്തുത വിഷയത്തിൽ പ്രശസ്ത തിരുവചനവ്യാഖ്യാതാവ് മാത്യൂഹെൻട്രിയുടെ നിലപാട് അദ്ദേഹം വ്യക്തമാക്കിയിട്ടുണ്ട്:

വിവാഹത്തിന്റെ കെട്ടുറപ്പും ബലവും മനുഷ്യന്റെ ആഗ്രഹത്തെയോ പ്രവൃത്തിയെയോ അടിസ്ഥാനമാക്കിയല്ല. ദൈവീക പദ്ധതിയുടെ സ്ഥാപനമാണ് വിവാഹം. മോശയുടെ ന്യായപ്രമാണമനുസരിച്ച് വിവാഹത്തിന്റെ മഹത്വം വലുതാണ്. എന്നാൽ ക്രിസ്തു വിവാഹത്തിന്റെ വിശ്വസ്തതയുടെ മഹത്വം ഉയർത്തിപ്പിടിക്കുക മാത്രമല്ല അത് അകൃത്യത്തിനും അശുദ്ധിക്കും അവസരമാക്കുകയോ സ്വാതന്ത്ര്യം ദുരുപയോഗം ചെയ്യപ്പെടാനുള്ള പഴുതുകൾ അടയ്ക്കുന്ന ഒരു ഉപദേശസംഹിതക്ക് തന്നെ രൂപം നൽകുകയുമായിരുന്നു ചെയ്തത്.

**വിവാഹത്തിന്റെ കെട്ടുറപ്പും ബലവും മനുഷ്യന്റെ ആഗ്രഹത്തെയോ പ്രവൃത്തിയെയോ അടിസ്ഥാനമാക്കിയല്ല. ദൈവീക പദ്ധതിയുടെ സ്ഥാപനമാണ് വിവാഹം.**

**– മാത്യു ഹെൻട്രി**

പുതിയ നിയമത്തിന്റെ മറ്റൊരു പരിഭാഷയിൽ, വത്തിക്കാനിൽ നിന്നുള്ള മൂലഭാഷാകൃതിയിൽ ഇപ്രകാരമാണ് പ്രസ്തുതവേദഭാഗം ഭാഷാന്തരം ചെയ്തിട്ടുള്ളത്. എന്നാൽ ഞാനോ നിങ്ങളോടു പറയുന്നത്. പരസംഗം ഹേതുവായി അല്ലാതെ ഭാര്യയെ ഉപേക്ഷിക്കുന്നവനെല്ലാം അവളെക്കൊണ്ട് വ്യഭിചാരം ചെയ്യിക്കുന്നു. ഉപേക്ഷിച്ചവളെ വിവാഹം കഴിക്കുന്നവനോ വ്യഭിചാരം ചെയ്യുന്നു. (മത്തായി. 19 :9)

ഈ വിഷയത്തെക്കുറിച്ച് മാർക്കോസും ലൂക്കോസും വളരെ സ്പഷ്ടമായി യാതൊരു അർത്ഥശങ്കകൾക്കും ഇടയില്ലാത്ത വിധം വിശദീകരിച്ചിട്ടുണ്ട്. വിവാഹമോചനവും പുനർവിവാഹവും സാധാരണയായി ചെയ്തുപോരുന്ന യെഹൂദാ സമൂഹത്തോടാണ് മത്തായി തന്റെ സുവിശേഷത്തിൽ ഈ കാര്യങ്ങൾ വിശകലനം ചെയ്തിട്ടുള്ളത്. യഹൂദന് ഗ്രഹിപ്പാൻ കഴിയും വിധം തന്നെയാണ് യേശുവും ഈ വിഷയം വ്യക്തമാക്കിയിട്ടുള്ളത്. മർക്കോസിന്റെ സുവിശേഷം റോമക്കാരെയും ലൂക്കോസ് ജാതീയസമൂഹത്തെയും കേന്ദ്രീകരിച്ചാണ് തങ്ങളുടെ സുവിശേഷം രചിച്ചിട്ടുള്ളത്. പ്രസ്തുത വിഷയത്തെക്കുറിച്ചുള്ള ക്രിസ്തുവിന്റെ ഉപദേശം ഇവർ ഓരോരുത്തരും വളരെ ഹൃദ്യമായ ശൈലിയിൽ സുഗ്രാഹ്യമാം വിധം തന്നെ വിശകലനം ചെയ്തിട്ടുണ്ട്. മത്തായി 19 : 9 -ാം വാക്യം മറ്റുള്ള ബൈബിൾ ആശയവുമായി പൊരുത്തപ്പെടുന്ന നിലയിൽ തന്നെയാണ് ക്രിസ്തുവിന്റെ ഉപദേശം എന്ന് തെളിവായി രേഖപ്പെടുത്തിയിട്ടുണ്ട്.

**നിങ്ങൾക്ക് അറിയാമോ?**

പഴയനിയമത്തിൽ, യഹൂദ ദമ്പതികളുടെ നിയമപരമായ വിവാഹത്തിനുശേഷം വിവാഹത്തിന് വളരെ ദീർഘമായ ഒരു കാലം ഉണ്ടായിരുന്നു. വിവാഹത്തിന്റെ പാശ്ചാത്യവീക്ഷണത്തെക്കാൾ ഇത് കൂടുതൽ സുരക്ഷിതമായതായിരുന്നു. നിയമപരമായ ഉപേക്ഷണപത്രം കൊണ്ട് നിശ്ചയിച്ചിരുന്ന വിവാഹത്തിൽ നിന്ന് പിന്മാറുവാൻ സാധ്യമായിരുന്നതിനാൽ പിന്മാറുമ്പോൾ അത് വ്യഭിചാരം ആകുമായിരുന്നു. യഹൂദനിയമപ്രകാരം വിവഹനിശ്ചയം വിവാഹത്തിനു തുല്യമാണ്.

വിവാഹനിശ്ചയം കഴിഞ്ഞവർ ഒരുമിച്ച് താമസിച്ചില്ലെങ്കിലും, വിവാഹത്താൽ സംയോജിച്ചില്ലെങ്കിലും അവർ ഭാര്യയും ഭർത്താവുമാണെന്ന് മത്തായി 1 : 18 - 19 ൽ മറിയയുടേയും യോസേഫിന്റെയും വിവരണത്തിൽ സൂചിപ്പിച്ചിരിക്കുന്നു.

തക്കസമയത്ത് പറഞ്ഞ വാക്ക്

# തീ അണയാതെ സൂക്ഷിക്കുക.

if Undelivered
Please return to:

**Contact:**
The Editor
Gospel Truth
Karickam P.O
Kottarakara
Kerala 691531
India

**ബന്ധപ്പെടുക**
പത്രാധിപർ
ഗോസ്പൽ ട്രൂത്ത്
കരിക്കം പി.ഒ.
കൊട്ടാരക്കര - 691531
കേരള.

ദൈവ നാമം മഹത്വപ്പെടട്ടെ.

യാഗപീഠത്തിന്മേൽ തീ കെട്ടുപോകാതെ കത്തികൊണ്ടിരിക്കണം.- ലേവ്യപുസ്തകം 6 : 13.



യാഗവസ്തുക്കൾ അർപ്പിക്കുന്ന യാഗപീഠത്തിലെ തീ കെട്ടുപോകാതെ കത്തികൊണ്ടിരിക്കണം. സംരക്ഷണം ഇല്ലെങ്കിൽ തീ കത്തുകയില്ലാത്തതിനാൽ അത് അണഞ്ഞു പോകാതെ സംരക്ഷിക്കുകയും വിറക് തുടർച്ചയായി ജ്വലിപ്പിച്ച് കൊണ്ടിരിക്കുകയും വേണം. ഇതുപോലെ വിവാഹത്തിലും സ്നേഹത്തിന്റെ ജ്വാല കെട്ടുപോകുവാൻ ദൈവം ആഗ്രഹിക്കുന്നില്ല. വിവാഹത്തിന്റെ പവിത്രമായ ഐക്യത നിലനിർത്തുകയും സംരക്ഷിക്കുകയും വേണം. ത്യാഗവും സ്നേഹവും കൊണ്ട് ബന്ധം ഉറപ്പിക്കുവാൻ കഴിയാത്ത ധാരാളം വിവാഹബന്ധങ്ങൾ തണുത്ത് പോയിട്ടുണ്ട്.

ജീവിതത്തെ സംരക്ഷിക്കുന്നതിലും ജോലിയിലും മുഴുകുവാൻ ജനങ്ങൾക്ക് എളുപ്പമാണ്. ശുശ്രൂഷകന്മാർ എന്ന നിലയിൽ അവർക്കും ദൈവവേലയിൽ കൂടുതൽ ഉത്തരവാദിത്വങ്ങൾ ഏല്പിക്കപ്പെടാം.ശുശ്രൂഷകന്മാർ അവരുടെ ജീവിതത്തെ ജ്വലിപ്പിക്കേണ്ടത് പ്രധാനമാണ്. ശത്രു വിരിച്ച വല പല ശുശ്രൂഷകന്മാർക്കും കുടുംബജീവിതത്തിലെ ജ്വാല ജ്വലിപ്പിക്കുന്നതിനെ പരാജയപ്പെടുത്തിയിട്ടുണ്ട്.

ഉറപ്പുള്ള വിവാഹബന്ധത്താൽ സംരക്ഷിക്കപ്പെടുന്ന ജ്വാല സുവിശേഷവേലയിൽ ശുശ്രൂഷകന്റെ കഴിവിനെ വർദ്ധിപ്പിക്കും. ഭവനത്തിൽ, കുടുംബജീവിതത്തിന്റെ ജ്വാല ജ്വലിപ്പിക്കാതിരിക്കുവാൻ ശുശ്രൂഷകന് കഴിയുകയില്ല. അത് ജീവിതപങ്കാളിക്ക് മാത്രമല്ല കുടുംബത്തിനും ദൈവവേലയ്ക്കും അനുഗ്രഹമാകും.

സാഹായ്ന സമയങ്ങളിൽ ഒരുമിച്ച് ചെലവഴിക്കുവാൻ മാറ്റിവയ്ക്കുക. നടക്കുവാൻ പോകുക, കളികളിൽ ഏർപ്പെടുക........ വ്യാപാരത്തെക്കുറിച്ചോ സഭയെക്കുറിച്ചോ ഉള്ള സംസാരം മാറ്റിവച്ച് ഒരുമിച്ച് ആയിരിക്കുന്നതിൽ മാത്രം ശ്രദ്ധിക്കുക.

**തീ അണയാതെ സൂക്ഷിക്കുക** ❖

# ഹൃദയത്തിൽ നിന്ന്.....



ഗോസ്പൽ ട്രൂത്തിന്റെ വിശേഷാൽ പതിപ്പ്, ലക്കം 14
**വിവാഹമോചനവും പുനർവിവാഹവും**

**തകർന്ന ഒരു കുടുംബത്തിലാണ് നിങ്ങൾ എങ്കിൽ കൂടുതൽ മൂല്യത്തിനും സ്നേഹത്തിനും നിങ്ങൾ അർഹരാണ് എന്ന് അറിയൂ.**

**അവിശ്വസ്തതയും വിവാഹമോചനവും ലോകത്തിൽ ഒരു കൊടിയ വിപത്തായ ശക്തിയാകുന്നു.** ദമ്പതികൾ കുട്ടികളെയോ, മാതാവോ, പിതാവോ, ഭാര്യയോ, ഭർത്താവോ, പരസ്പരം ത്യജിക്കുമ്പോൾ ഉണ്ടാകുന്ന വേദനയുടെ ആഴം വിവരിക്കുവാൻ വാക്കുകൾ അപര്യാപ്തമാണ്. ചതിയുടെ തോന്നൽ കൊണ്ടോ, സ്വയപ്രാപ്തി, തിരസ്കരണം, വിശ്വസ്തത, സ്നേഹം എന്നിവയാൽ വരുന്ന സംഘർഷങ്ങൾ കൊണ്ടോ ദമ്പതികളും കുട്ടികളും സാധാരണ ജീവിതകാലം മുഴുവൻ സമ്മർദ്ദം അനുഭവിക്കുന്നവരാണ്. പലപ്പോഴും അവർക്ക് തെറ്റായ പങ്കാളിയുടെ പരിഹാസവും കുറ്റവും വഹിക്കേണ്ടതായി വരുന്നു.

അവിശ്വസ്തമായ അഥവാ പ്രയോജനമില്ലാത്ത ഒരു പങ്കാളിയെ ഉപേക്ഷിക്കേണ്ടതായി വരുമ്പോൾ അനുഭവിക്കേണ്ടതായി വരുന്ന വേദനയും ആന്തരിക അസ്വസ്തതയും ഒന്നു ചിന്തിച്ചു നോക്കുക. ഏകാന്തതയിലായിരിക്കുന്ന ഭർത്താക്കന്മാർ, ഭാര്യമാർ, കുടുംബത്തിൽ സ്നേഹം നിലനിൽക്കുവാൻ ആഗ്രഹിക്കുന്ന മക്കൾ എന്നിവരുടെയൊക്കെ കണ്ണുനീരിനാൽ രാത്രികളിൽ അനേകം തലയിണകളും നനയുന്നു. തള്ളപ്പെട്ട അനേകം കുട്ടികളുടെയും ദമ്പതികളുടെയും ഭാവി ഇരുളടഞ്ഞതും പ്രതീക്ഷ മങ്ങിയതുമാണ്. ലോകം മുഴുവൻ ഒറ്റപ്പെട്ട ഡാഡിമാരും മമ്മിമാരും അവരുടെ കുട്ടികളെ സ്നേഹത്തിൽ ചേർത്തു നിർത്തുവാൻ ബദ്ധപ്പെടുന്നു.

തകർന്ന ഒരു കുടുംബത്തിലാണ് നിങ്ങൾ എങ്കിൽ കൂടുതൽ മൂല്യത്തിനും സ്നേഹത്തിനും നിങ്ങൾ അർഹരാണ് എന്ന് അറിയുക. ജീവിതത്തിന്റെ കൊടുങ്കാറ്റുകളിലും അവ്യക്തതകളിലും നിന്നോടുകൂടെ നടക്കുന്ന ഒരു സ്നേഹിതനായി യേശു ഉണ്ട്.

വിവാഹമോചനവും പുനർവിവാഹവും വിവാഹബന്ധം തകർക്കുക മാത്രമല്ല, അതിന് പുതിയ കുടുംബങ്ങളെയും കൂട്ടായ്മകളെയും മറ്റു ബന്ധങ്ങളെയും പിളർക്കുവാൻ വലിയ കഴിവുണ്ട്. ആളുകൾ പക്ഷം പിടിക്കുമ്പോൾ സത്യത്തിനോടു കൂടെ നിൽക്കുക - കൂട്ടുകാരന്റെയോ വീട്ടുകാരുടേയോ പാപത്തെ ന്യായീകരിക്കുന്നത് ഒഴിവാക്കി എല്ലാവരെയും സ്നേഹിക്കുക.


ധാരാളം മിശ്രവിവാഹബന്ധങ്ങൾ ഉണ്ട്. ആരെങ്കിലും രക്ഷിക്കപ്പെട്ട് വിവാഹത്തെക്കുറിച്ചുള്ള ദൈവീക പദ്ധതി മനസ്സിലാക്കി തുടങ്ങുമ്പോൾ, ആന്തരികമായി സംശയവും സംഘർഷവും ഉളവാകും, പ്രത്യേകിച്ചും കുട്ടികളും ഉണ്ടെങ്കിൽ.

Printed matter only
**MALAYALAM EDITION**

അപ്പോൾ ദൈവത്തിന്റെ പദ്ധതിയും ഇഷ്ടവും എന്താകും? അജ്ഞതയുടെയും രക്ഷിക്കപ്പെടാതിരുന്ന കാലത്തും ഒരുവൻ ദീർഘകാലമായി പുലർത്തിയിരുന്ന അവിഹിതബന്ധത്തിൽ നിന്നും ഒരു ശുശ്രൂഷകനും ഒരുവനെ ആ ബന്ധം ഉപേക്ഷിക്കണമെന്ന് പറയുവാൻ കഴിയുന്നതല്ല. ഇങ്ങനെയുള്ള വിഷമകരമായ സന്ദർഭങ്ങളിൽ ദൈവീകമായ ജ്ഞാനവും ഇടപെടീലും ആവശ്യമാണ്.

ഇങ്ങനെയുള്ള സ്ഥിതിയിലായിരുന്ന ഒരാളെ അഭിമുഖീകരിച്ചത് ഞാൻ ഓർക്കുന്നു. ആ മനുഷ്യന്റെ ഭാര്യ പാപജീവിതത്തിലേക്ക് പോയി. അയാൾ രണ്ടാം വിവാഹം കഴിച്ച് കൂടുതൽ കുട്ടികളുമായി ജീവിച്ചു. അവർ രക്ഷിക്കപ്പെട്ടു. “എന്തു ചെയ്യണം” ? എന്ന് അവർ കരഞ്ഞു ചോദിച്ചു. ഞാൻ അവരോട് ദൈവത്തിന്റെ വിവാഹ പദ്ധതിയെക്കുറിച്ചും, അവർ ഇരുവരും ദൈവത്തോട് കൂടുതൽ അടുത്തു വരുവാനും, ദൈവാത്മാവ് അവരെ നടത്തുമെന്നും പറഞ്ഞു. കൂട്ടായ്മയിൽ ഒരു നേതൃ സ്ഥാനം വഹിക്കുവാൻ കഴിയാത്ത കാര്യം ഞാൻ അവർക്കു വ്യക്തമാക്കി. സഭയിൽ കടന്നു വരുവാനും ആരാധനയിൽ സംബന്ധിക്കുവാനും അവരെ ക്ഷണിച്ചു. മറ്റൊരാൾ ചില സാഹചര്യങ്ങളുടെ ആനുകൂല്യത്തിൽ അയാളുടെ വിവാഹം ആധികാരികമാക്കുവാൻ മാസങ്ങളോളം എന്നെ നിർബന്ധിച്ചു. അതിന് എന്റെ അംഗീകാരത്തിന്റെ ആവശ്യമില്ല എന്ന് ഞാൻ അയാളോട് പറഞ്ഞു. അവൻ ദൈവമുമ്പാകെ ശുദ്ധനായിരിക്കുന്നതാണ് ആവശ്യം. ഒരു മനുഷ്യനും ഞാൻ വിധികർത്താവാകുന്നില്ല, ദൈവവും ദൈവവചനവും വിധിക്കും.

“സ്നേഹമാകുന്ന ഒരു ദൈവത്തെ ഞാൻ അറിയുന്നു, അവിടുത്തെ വചനം ഞാൻ അറിയുന്നു,



ദൈവം എല്ലാവരോടും വിശ്വസ്തനാണ് എന്നും ഞാൻ അറിയുന്നു.”

അത്ഭുതമാർന്ന അനേകം ആളുകളുടെയും ജീവിതം യൗവ്വനത്തിലെ പാപവും വചനപ്രകാരമല്ലാത്ത വിവാഹബന്ധം മൂലവും വിഷമസ്ഥിതിയിലായത് എനിക്ക് അറിയാം. അവരെ ഓർത്ത് എന്റെ ഹൃദയം തേങ്ങുന്നു. അതിന്റെ ഉത്തരവും എനിക്ക് അറിയില്ല ; പക്ഷേ സ്നേഹമാകുന്ന ഒരു ദൈവത്തെ ഞാൻ അറിയുന്നു. അവിടുത്തെ വചനം ഞാൻ അറിയുന്നു, ദൈവം എല്ലാവരോടും വിശ്വസ്തനാണ് എന്നും ഞാൻ അറിയുന്നു.

ദൈവം ഇഷ്ടം അന്വേഷിക്കുന്ന ആളുകളുടെ ഹൃദയഭേദകമായ ഇത്തരം സന്ദർഭങ്ങളിൽ ദൈവവചനത്തിന്റെ നിർമ്മലത ലംഘിക്കാതെ നിൽക്കുക. സത്യം പഠിപ്പിക്കുന്നത് ദൈവസഭ തുടർന്നുകൊണ്ടിരിക്കുക. നിങ്ങളുടെ വിവാഹബന്ധം അവിഹിതമാണെങ്കിലും ഞങ്ങളുടെ സ്നേഹവും നിങ്ങൾക്ക് ദൈവശക്തിയിലും കൃപയിലും നടക്കുവാനുള്ള ഞങ്ങളുടെ പ്രാർത്ഥനയും തുടരുമെന്നും ദയവായി അറിയുക.

Michael Smith

മൈക്കിൾ ഡബ്ല്യു സ്മിത്ത്



Chief Editor **Michael W. Smith**
Malayalam Editor: **Mathew Joseph**
Asst. Editor **Baby Mathew**
Publisher: **Biju J. Varghese**